**File No.SJD/1143/2020-D3**

150 YEARS OF CELEBRATING THE MAHATMA

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി :17/03/2020
Email - swdkerala@gmail.com
Phone - 0471 - 2306040

സാമൂഹ്യനീതി ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും

---

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - ഡയറക്ടറേറ്റ് - ബഡ്സ് സ്കൂളുകളുടെ പ്രവർത്തനം വിലയിരുത്തുന്നത് - സംബന്ധിച്ച്.

സൂചന :- തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പിൽ സെക്രട്ടറിയുടെ 25..02..2020 ലെ ഐ എ 1/64/2020/തസ്വഭവ നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു . സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുകളുടെ പ്രവർത്തനം സാമൂഹ്യനീതി ഡയറക്ടറും കുടുംബശ്രീയും പ്രത്യേകം പരിശോധിക്കണമെന്ന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനിച്ചിട്ടുണ്ട്. മാത്രവുമല്ല നിലവിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുകളിൽ ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനം ഏറ്റെടുത്ത് നടത്തേണ്ടവയുണ്ടെങ്കിൽ ആയവയുടെ ലിസ്റ്റും ലഭ്യമാക്കേണ്ടതുണ്ട്. ആയതിനാൽ എല്ലാ ജില്ലാ ഓഫീസർമാരും അതാത് ജില്ലകളിലെ ബഡ്സ് സ്കൂളുകളുകൾ നിശ്ചിത ഇടവേളകളിൽ സന്ദർശനം നടത്തേണ്ടതും എതേങ്കിലും ബഡ്സ് സ്കൂളുകളുകളിലെ ജീവനക്കാർക്ക് ഹോണറേറിയം മുടങ്ങുന്നുണ്ടോയെന്ന് പരിശോധിച്ച് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തി നടപടി സ്വീകരിക്കേണ്ടതുമാണ്. കൂടാതെ നിലവിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും ബഡ്സ് സ്കൂളുകളിൾ തദ്ദേശസ്വയംഭരണ സ്ഥാപനം ഏറ്റെടുത്ത് നടത്തേണ്ടവയുണ്ടെങ്കിൽ ആയവയുടെ ലിസ്റ്റ് കുടുമ്പശ്രീ യുമായ് ബന്ധപെട്ട തയ്യാറാക്കി അടിയന്തിരമായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

**സാമൂഹ്യനീതി ഡയറക്ടർക്ക് വേണ്ടി.**